Week-4

# Weekly Devotion -August 2016
# THE PERFECT WAY OF GOD

## (ദൈവത്തിന്റെ തികവുള്ള വഴി)




അമേരിക്കയിലെ കോടീശ്വരനായ ജി. ഗൗൾഡ് തന്റെ പതിവുള്ള ധൃതികളിൽ നിന്ന് ഒരു വ്യതിയാനം കണ്ടെത്താൻ ഒരു ട്രെയിൻ യാത്ര നടത്തുവാൻ തീരുമാനിച്ചു. ഈ ട്രെയിൻ യാത്ര ഇദ്ദേഹത്തിന്റെ മനസ്സിന് സന്തോഷം നൽകി. ദീർഘദൂര യാത്രക്കിടയിൽ ട്രെയിൻ കേടായതിനാൽ ഒരു ചെറിയ സ്റ്റേഷനിൽ നിർത്തിയിടേണ്ടതായി വന്നു. ഈ സമയം ട്രെയിനിൽ നിന്ന് പുറത്തിറങ്ങി ആളുകൾ കാഴ്ച കണ്ടു നടന്നു. ചിലർ അവിടെത്തന്നെ ഇരുന്നു. എന്നാൽ ഈ കോടീശ്വരൻ കാഴ്ചകൾ കണ്ടു നടന്ന് അടുത്ത ഗ്രാമത്തിലെത്തി. ഗ്രാമ ഭംഗി ആസ്വദിക്കുന്നതിനിടയിൽ കുറെ ആളുകൾ കൂടി നിൽക്കുന്നതു കണ്ട് അവിടേക്കു ചെന്ന ഗൗൾഡ് കേട്ടത് **'1475'വെള്ളി** എന്ന് പറഞ്ഞ് ലേലം ഉറപ്പിക്കുവാൻ ഒരാൾ ലേലം ഉറപ്പിക്കട്ടെ എന്ന് ചോദിക്കുന്നതാണ്. എന്തിന്റെ ലേലമാണ് നടക്കുന്നതെന്ന് ചോദിച്ചറിഞ്ഞ അദ്ദേഹം അത്ഭുതപ്പെട്ടു സംഭവം കേട്ടപ്പോൾ.

ഒരു പള്ളിക്കു വേണ്ടിയാണ് ലേലം. പണിപൂർത്തിയാക്കിയ ആൾ പണിയുടെ ആവശ്യത്തിന് ചിലരിൽ നിന്നു കടം വാങ്ങിയ പണം തിരികെ കൊടുക്കുവാൻ നിവർത്തിയില്ലാതെ വന്നതിനാലാണ് ലേലം നടത്തുന്നത് എന്നു കേട്ട ഗൗൾഡ് പെട്ടെന്ന് **'1500' വെള്ളി** എന്ന് കയറ്റിവിളിച്ചു. അതിന് മുകളിൽ ലേലത്തുക കയറ്റിവിളിക്കുവാൻ ആളില്ലാത്തതിനാൽ ലേലം ഉറപ്പിച്ചു. പള്ളിയുടെ താക്കോലും മറ്റു രേഖകളും കൈപ്പറ്റിപോകുവാൻ ശ്രമിച്ച ഗൗൾഡിനോട് താങ്കൾ ഈ കെട്ടിടം എന്തുചെയ്യും എന്ന് ഒരു പ്രായമുള്ള വ്യക്തി ചോദിച്ചു. ഇതു കേട്ട കോപാകുലനായ കോടീശ്വരൻ പറഞ്ഞു ഇപ്പോൾ ഈ പള്ളി എന്റേതാണ് ഞാൻ എന്തും ചെയ്യും എന്ന്. ആ ഗ്രാമ

വാസിയായ വൃദ്ധൻ നിറകണ്ണുകളോടെ പറഞ്ഞു ഇല്ല സാർ നിസഹായരായ ഞങ്ങൾ കുറെപ്പേർ പ്രാർത്ഥന തുടങ്ങിയിട്ട് അനേകദിവസങ്ങളായി. നമ്മുടെ പ്രവർത്തികളെ കാണുന്ന ദൈവം, കണ്ണുനീർ തൂകുമ്പോൾ മനസ്സലിയുന്ന ദൈവം നിങ്ങൾ ഒന്നും ചെയ്യുവാൻ സമ്മതിക്കുകയില്ല എന്നു പറഞ്ഞ് തിരിഞ്ഞു നടന്നു. ഗൗൽഡിന് പെട്ടെന്ന് ദൈവം തന്നെ എന്തിനിവിടെ എത്തിച്ചു എന്ന് മനസ്സിലായി. ആ വൃദ്ധനെ മടക്കിവരുത്തി പള്ളിയുടെ താക്കോലും, അതിൽ സർവ്വസ്വാതന്ത്ര്യ ത്തോടും ആരാധിക്കുവാൻ അനുവാദം നൽകി. കുറെ നാളുകൾക്കു ശേഷം ആ ഗ്രാമവാസികളുടെ നന്ദിസൂചകമായ ഒരു കത്ത് ഗൗൽഡിനു കിട്ടി. വികാരനിർഭര മായ നന്ദിയുടെ വരികൾ ദർശിച്ച അദ്ദേഹം നല്ല പ്രവർത്തി ചെയ്യുവാൻ തന്നെ അനുവദിച്ച ദൈവത്തിന് നന്ദി പറഞ്ഞു.ആ ചെറിയ ഗ്രാമത്തിലെ പാവപ്പെട്ടവരുടെ കണ്ണുനീർ തുടപ്പാൻ തന്റെ കാലടികളെ ക്രമപ്പെടുത്തിയ ദൈവത്തിന്റെ വഴിക്കായി സ്തോത്രം ചെയ്തു.

ദൈവത്തിന്റെ ഉദ്ദേശങ്ങൾ പലതും  നമുക്ക് മനസ്സിലാക്കുവാൻ പ്രയാസമാ ണ്. എന്നാൽ നമ്മുടെ കാലടികളെ ക്രമപ്പെടുത്തുന്ന ഒരു ദൈവമുണ്ട്. **"മനുഷ്യന്റെ ഹൃദയം തന്റെ വഴിയെ നിരൂപിക്കുന്നു, അവന്റെ കാലടികളെയോ യഹോവ ക്രമ പ്പെടുത്തുന്നു"** എന്ന് സദൃശ്യവാക്യം(16:9)ൽ കാണുന്നു. നേരെയുള്ള പാതയിൽ നമ്മെ നടത്തി നാം ചെയ്യേണ്ട കാര്യങ്ങൾ നമ്മെക്കൊണ്ട് ചെയ്യിക്കണമെങ്കിൽ നാം എന്തുചെയ്യണമെന്ന് സദൃ:(4:13)ൽ പറയുന്നു.

അപ്പോസ്തോല പ്രവർത്തി (28:1-10) വരെയുള്ള വാക്യങ്ങളിൽ കപ്പലപകടം സംഭവിച്ച് രക്ഷപ്പെട്ട പൌലോസും കൂട്ടരും മെലീത്തദ്വീപിൽ എത്തിയതായി കാണാം.പൌലോസ് യാത്ര ചെയ്ത കപ്പൽ ക്രിസ്തു എന്തിന് തകർത്തു? എന്തിന വരെ കഠിനപീഢകൾക്ക് ഇരയാക്കി എന്ന് നാം  ചോദിച്ചേക്കാം. എന്നാൽ പൌലോസ് പറയുന്നതു കേൾക്കുക **"എന്റെ ഉടയവനും ഞാൻ സേവിച്ചു വരുന്ന വനുമായ ദൈവത്തിന്റെ ദൂതൻ എന്റെ അടുക്കൽ വന്നു ഭയപ്പെടേണ്ട.......... നിന്നോടുകൂടെ യാത്ര ചെയ്തവരെ ഒക്കെയും ദൈവം നിനക്ക് ദാനം ചെയ്തിരി ക്കുന്നു എന്ന് പറഞ്ഞു."** ഈ അപകടം നടന്ന് കപ്പൽ തകർന്നെങ്കിൽ മാത്രമേ ഇവരെ ആ ദ്വീപിൽ ദൈവത്തിനെത്തിക്കുവാൻ കഴിയുകയുള്ളൂ. ഈ ദ്വീപു വാസി കൾ സുവിശേഷം അറിയണമെന്നും അത് പൌലോസിൽക്കൂടെ ആയിരിക്കണ മെന്നുമുള്ള ദൈവീകപദ്ധതിയാണ് ഇതിനുകാരണം. നമ്മുടെ ചുവടുകളെ നിയ ന്ത്രിച്ച് അതിനുവേണ്ട ക്രമീകരണങ്ങൾ ഒരുക്കുന്നത് കർത്താവാണ്. അവൻ നമ്മുടെ കൈകളുടെ പ്രവർത്തിയെ സാധ്യമാക്കുന്നു എന്നതിന്റെ പല അടയാള ങ്ങളും അത്ഭുതങ്ങളും ദൈവം അവിടെ ചെയ്തു.

നാല്പതു വർഷം കൊട്ടാരത്തിലും നാല്പതു വർഷം മരുഭൂമിയിലും പരിശീ ലനം നടത്തികൂടെയിരുന്ന് തന്റെ ജനത്തെ നടത്തിച്ച ദൈവം നമ്മോടുകൂടെയി രുന്ന് നമ്മെയും നടത്തും. നമുക്കവനിലാശ്രയിക്കാം.

# <u>പ്രാർത്ഥന</u>

ഞാൻ തന്നെ വഴിയും സത്യവും ജീവനും എന്നരുളിയ യേശുവേ! അങ്ങ യുടെ വഴിയിൽ ഞങ്ങളെ നടത്തുവാൻ കൂടെ വരേണമേ. ജ്ഞാനവും വിവേകവും തന്ന് കൂടെ വസിക്കേണമേ, ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind